പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 2272 — 08.05.2017-ൽ മറുപടിയ്ക്ക്

## പൂജപ്പുര വാർഡിലെ ഗതാഗതക്കുരുക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഒ. രാജഗോപാൽ | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) നേമം നിയോജക മണ്ഡലത്തിലെ പൂജപ്പുര വാർഡിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള താത്ക്കാലിക സംവിധാനം ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്നും ടി സംവിധാനത്തിന്റെ മേന്മകളും ന്യൂനതകളും എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ; | (എ) നേമം നിയോജക മണ്ഡലത്തിലെ പൂജപ്പുര , ജഗതി റോഡിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി തിരുവനന്തപുരം സിറ്റി പോലീസ് ഏർപ്പെടുത്തിയ ട്രാഫിക് സംവിധാനം ജഗതി പാലം ഭാഗത്തും പൂജപ്പുര ജംഗ്ഷനിലും രാവിലെ 8.00 മണി മുതൽ 11 മണിവരെയും വരെയും വൈകുന്നേരം 3.00 മണി മുതൽ 7.00 മണിവരെയും അനുഭവപ്പെട്ടിരുന്ന ഗതാഗതക്കുരുക്ക് ഇപ്പോൾ ഫലപ്രദമായി പരിഹരിക്കാൻ സാധിച്ചിട്ടുള്ളതും ആയതുവഴി വാഹനങ്ങൾക്ക് മേൽ പ്പറഞ്ഞ സമയങ്ങളിൽ സുഗമമായി സഞ്ചരിക്കാൻ സാധിക്കുന്നുണ്ട്. ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) പൂജപ്പുരയിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് വേണ്ട ശാശ്വത പരിഹാരത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കുമോ ; ഫ്ളൈഓവർ നിർമ്മിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുമോ ? | (ബി) പോലീസ് വകുപ്പ് ഇതു സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ